# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 24

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഭരതനാട്യം സി.എസ്.എസ്. (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 25 മുതൽ 27 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1188/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എസ്സി. സൈക്കോളജി (സി.എസ്.എസ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) മെയ് 2019 പരീക്ഷയുടെ വൈവാവോസി ജൂലൈ നാലു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1189/2019)

## ബി.എസ്സി. നഴ്സിംഗ്; അപേക്ഷ ജൂൺ 26 വരെ

ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്സി. നഴ്സിംഗ് (2011-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 10 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂൺ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1190/2019)

## പി.ജി. പ്രവേശനം; യോഗ്യത സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം

2019ലെ ബിരുദാനന്തര ബിരുദത്തിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികളുടെ യോഗ്യത സർട്ടിഫിക്കറ്റുകൾ കോളേജ് പ്രിൻസിപ്പൽമാർ ജൂലൈ 15ന് മുമ്പായി ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകളിൽ പരിശോധനയ്ക്ക് ഹാജരാക്കണം.

(പി.ആർ.ഒ./39/1191/2019)

## സംവരണ സീറ്റൊഴിവ്; ഇന്റർവ്യൂ നാളെ (ജൂൺ 26)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിനായി ഒഴിവുള്ള ഒരു സീറ്റിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ നാളെ (ജൂൺ 26) നടക്കും. രാവിലെ 10ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടറുടെ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിൽ താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1192/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ നാലും എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. സർവകലാശാല അംഗീകരിച്ച ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ഐ.ടി., ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ രേഖകളുമായി നാളെ (ജൂൺ 26) രാവിലെ 10ന് നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ./39/1193/2019)

സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒരു വർഷ എൽ.എൽ.എം കോഴ്‌സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം നാളെ (ജൂൺ 26) രാവിലെ 10ന് സ്‌കൂൾ ഓഫീസിൽ എത്തണം. ഫോൺ: 0481-2310165.

(പി.ആർ.ഒ./39/1194/2019)

## സ്‌പോട് അഡ്മിഷൻ ജൂൺ 28ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്‌മെന്റിൽ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്‌മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ജൂൺ 28ന് സ്‌പോട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് പ്രോസ്‌പെക്ടസ് പ്രകാരം യോഗ്യരായ വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുമായി വൈകീട്ട് അഞ്ചിനകം ഓഫീസിൽ രജിസ്‌ട്രേഷൻ നടത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731039.

(പി.ആർ.ഒ./39/1195/2019)

## വാക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് കം ലൈബ്രേറിയനെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി നാളെ (ജൂൺ 26) വാക്-ഇൻ-ഇന്റർവ്യൂ നടക്കും. രാവിലെ 11നാണ് ഇന്റർവ്യൂ. ഒരൊഴിവാണുള്ളത്. ലൈബ്രറി സയൻസിൽ ബിരുദാനന്തര ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് അടിസ്ഥാന യോഗ്യത. ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി രാവിലെ 8.30ന് ഡിപ്പാർട്ട്‌മെന്റ് ഓഫ് ലൈഫ്‌ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനിൽ എത്തണം.

(പി.ആർ.ഒ./39/1196/2019)

## സ്ഥിര സീറ്റ് വർധന, മാർജിനൽ ഇൻക്രീസ്;

## അപേക്ഷ ജൂൺ 26നകം നൽകണം

സർക്കാർ-എയ്ഡഡ് കോളേജുകളിൽ സംസ്ഥാന സർക്കാർ അനുവദിച്ച മാർജിനൽ ഇൻക്രീസ് യു.ജി./പി.ജി. സീറ്റുകൾ ലഭ്യമാകുന്നതിന് കോളേജുകൾ ജൂൺ 26നകം നിശ്ചിത ഫീസടച്ച് സർവകലാശാല സ്റ്റാറ്റിയൂട്ട് പ്രകാരം അപേക്ഷ സമർപ്പിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു. സ്വാശ്രയ കോളേജുകൾ സ്ഥിരമായ യു.ജി./പി.ജി. സീറ്റ് വർധനയ്ക്കുള്ള നിശ്ചിത ഫോമിലുള്ള അപേക്ഷ നിശ്ചിത ഫീസടച്ച് ജൂൺ 26നകം സമർപ്പിക്കണം.

(പി.ആർ.ഒ./39/1197/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ